കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൈലപ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9/106/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: 9/106/23 കെ.എസ്.എ.പി.റ്റി.എ.പി തീയ്യതി: 28/03/2023

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്‍റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്‍റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്‍റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത

ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്.	ഡെപ്യൂട്ടി ഡയറക്ടർ	23-01-2023	31-01-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-01-2023	31-01-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മുഹസീൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്മിത. റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ചന്ദ്രികാ സുനിൽ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ ശ്രീകാന്ത്. വി	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുലജ .പി	അസി.എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീ. സുരേഷ്ബാബു. ജി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ഡോ.തനൂജ.എം	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2021	31-03-2022
ഡോ. അനിത. വി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2021	31-03-2022
ഡോ. തൃശാല. പി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2021	31-03-2022
ഡോ. സൂസൻ പി.ഐസക്	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീ. റോബിൻ മാത്യു	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	01-04-2021	22-09-2021
ശ്രീമതി ശാരിക സി.ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	23-09-2021	31-03-2022

ശ്രീമതി ശാരിക സി.ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2	01-04-2021	31-03-2022
ശ്രീമതി മീനാ മേരി മാത്യു	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി സിന്ധു.റ്റി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	07-12-2021
ശ്രീമതി സൌമ്യ ഉത്തമൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	09-12-2021	31-03-2022
ശ്രീമതി നീതു കൃഷ്ണൻ	ഡയറി എക്സറ്റൻഷൻ ഓഫീസർ	01-04-2021	31-03-2022

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
4	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ	1-4-1
5	ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമപദ്ധതികൾ	1-7
9	ക്യാഷ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല	1-11
13	സേവന ഉപനികുതി ഈടാക്കുന്നില്ല – പഞ്ചായത്തിന് വൻ വരുമാന നഷ്ടം	1-12
14	സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല	1-13
15	ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല	1-14
16	ഇറച്ചി വ്യാപാരം ലൈസൻസ് അനുവദിച്ചത് - ചട്ടങ്ങൾ പാലിക്കാതെ	1-15
17	വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം	1-16

18	പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു	1-17
19	തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല	1-18
20	പെൻഷൻ ഐ.ഡി നമ്പർ കൃത്യമല്ല	1-19
21	അംഗൻവാടി പോഷകാഹാരം-കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.	1-20
22	അർഹതയില്ലാത്തവർക്ക് പെൻഷൻ അനുവദിച്ചു.	1-21
23	അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ ഇല്ല	1-22
24	വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം -പദ്ധതി നടപ്പാക്കിയില്ല	1-23
25	തൊഴിലുറപ്പ് പദ്ധതി	1-24
26	അഗതി രഹിത കേരളം പദ്ധതി - വികസന ഫണ്ട് നിഷ്ക്രിയമായി അവശേഷിക്കുന്നു	1-25
27	ഓൺലൈൻ വസ്തുനികുതി/ ഫീസുകൾ - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4

5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

23.02.2021 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തേക്കുള്ള തീരുമാനപ്രകാരം അംഗീകാരം നേടി. ₹77540877/- വരവും ₹/- 76617500 ചെലവും ₹923377/- രൂപ മിച്ചവും വരുന്ന ബജറ്റ്. പരിഷ്ക്കരിച്ച ബജറ്റ് 15-2-2022-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5-1 തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വ്യതിയാനം – ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം ന അതിനാൽ, 2021-22ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വ വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക ക പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

ക്രമ നം		ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്	വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ്	വ്യത്യാസം
1		നികുതി വരവുകൾ	6950000	4535019	2414981
	എ	വസ്തുനികുതി	6000000	3717060	2282940
	ബി	തൊഴിൽ നികുതി	950000	817959	132041
2		നികുതിയേതര വരവുകൾ	2118000	2005650	112350
	എ	വാടക കെട്ടിടങ്ങൾ	80000	70416	9584
		വാടക-ഓഡിറ്റോറിയം	25000	0	25000
	ബി	ലൈസൻസ്	100000	92740	7260
	സി	സ്ഥിരനിക്ഷേപ പലിശ	60000	0	60000
		പലിശ	75000	36057	38943
		നിക്ഷേപങ്ങൾ-കണ്ടുകെട്ടിയത്	150000	492193	-342193

3		പൊതു ഉദ്ദേശ്യ ഗ്രാന്റ്	6500000	9540014	-3040014
4		വികസന ഫണ്ട്	27213000	12060422	15152578
5		സംരക്ഷണ ഗ്രാന്റ്	0	10434740	-10434740
6		എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	11910000	12711937	-801937
7		ഭരണ ചെലവുകൾ	973500	258857	714643
8		ഓപ്പറേഷൻസ് & മെയിന്റനൻസ്	2427000	1316015	1110985
9		പ്ലാൻ-ഉല്പാദന മേഖല	4388125	2390818	1997307
10		പ്ലാൻ-സേവന മേഖല	33846024	13380193	20465831
11		പ്ലാൻ-പശ്ചാത്തല മേഖല	4310000	6283101	-1973101
12		പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത്	2630001	595643	2034358

ബജറ്റിൽ സംരക്ഷണ ഗ്രാന്റിനത്തിൽ വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങൾ ഇല്ലെങ്കിലും ആയതിൽനിന്നും പ്രതീക്ഷിതപലിശ ഉൾപ്പെടുത്തിയിട്ടുണ്ട്.കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാക ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കു താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരി ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശക ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 19.07.2022-ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചത് പ്രകാരം കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി3 : Reserves – മുൻ വർഷത്തെ തുക തന്നെയാണ് ഈ വർഷവും വാർഷിക ധനകാര്യ പ ഉൾപ്പെടുത്തിയിട്ടുള്ളത്. തൻ വർഷം ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ചിട്ടുള്ള തുകകൾ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി4 : പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ – തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ ബി4 : Development Fund -Central Finance Commision Grant- Tied ഇനത്തിനായി പ്രത്യേകം ഹെഡ് സൃഷ് ഇതിന്റെ നീക്കിയിരിപ്പ് തുക ഈ ഹെഡിൽ രേഖപ്പെടുത്തേണ്ടതും ആണ്. എന്നാൽ ഇതിനായി പ്രത്യേ സൃഷ്ടിക്കാതെ ഇതിന്റെ നീക്കിയിരിപ്പ് ഉൾപ്പെടെയുള്ള തുക Development Fund -Central Finance Commision Grant- B എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

4. ഷെഡ്യൂൾ ബി4 : Contribution For JointVenture Projects(For Revenue Expenditure)-From Block Panchayats-ൽ രേഖപ്പെടുത്തി തുക (₹906003)-യും Contribution For JointVenture Projects(For Revenue Expenditure)-From District Panchayats-ൽ രേഖപ്പെടുത്തി തുക (₹251306)-യും കൂടി ചേർന്ന തുകയല്ല (₹1157309) ഇതിനായി തുറന്നിരിക്കുന്ന ട്രഷറി അക്കൗണ്ടിലെ നീ തുക (ഷെഡ്യൂൾ B-17-ലെ തുക ട്രഷറി നീക്കിയിരിപ്പ് (950000) തുകയുമായി പൊരുത്തപ്പെടുന്നില്ല.)

5. ഷെഡ്യൂൾ ബി 5 : Secured Loans – KURDFC-ൽ നിന്നും എടുത്ത ഭവനവായ്പയിൽ ഓഡിറ്റ് വർഷാവസാനം തിരി അവശേഷിക്കുന്ന തുക 1308000 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 1468236 രൂപയാ കാണിച്ചിട്ടുള്ളത്.

6. ഷെഡ്യൂൾ ബി 7 : Deposits Received ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർ തിരിച്ച് ക്യാരിഓവർ ചെയ്ത് കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഡിപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

7. ഷെഡ്യൂൾ ബി 7 : Auction Deposits ഇനത്തിൽ നീക്കിയിരിപ്പായി 437150 രൂപ കാണിക്കുന്നു. എന്നാൽ യഥാർത്ഥ രൂപയാണ്. (377275+412150=789425)

8. ഷെഡ്യൂൾ ബി-9: Liability In Respect Of Stale Cheques – 131116 രൂപ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു. ഈ തുകയിൽ 5317829 പ്രകാരമുള്ള 63350 രൂപയുടെ ചെക്ക് 24.01.2022-ൽ ക്യാൻസൽ ചെയ്തിട്ടുള്ളതാണ്. ഇത് ഇനത്തിൽപ്പെടുകയില്ല. ILGMS-ന്റെ സാങ്കേതിക പ്രശ്നം മൂലം ഇത് ക്യാൻസൽ ആക്കാൻ പറ്റാത്തതിനാൽ ഇനത്തിൽ കാണിച്ചിരിക്കുന്നത്.

9. ഷെഡ്യൂൾ ഐ-18: Prior Period Expenses-Establishment Expenses-ൽ 13608 രൂപ കാണിച്ചിരിക്കുന്നു. ഇതിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

10. ഷെഡ്യൂൾ B-15- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെ
തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം. 31.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	4538055
വരവ്	44375566
ആകെ	48913621
ചെലവ്	45208201
നീക്കിയിരിപ്പ്	3705420

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസന ഫണ്ട്(ജനറൽ)-ൽ നിന്നും സ്രോതസ്സിൽ കുറവ്
വരവിൽ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റിനം	സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക	ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ		ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ ന്യൂനത
		വരവ്	ചെലവ്	
വികസനഫണ്ട് (ജനറൽ)	6546126	5624926	6546000	അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള തുക

				(₹ 613200), ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (₹308000) എന്നിവയ്ക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് വരവിൽ എടുത്തിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

ഗ്രാന്റ്	സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് തുക	ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവുകൾ		നീക്കിയിരിപ്പ്/ ലാപ്സായ തുക
		വരവ്	ചെലവ്	
	A	B	C	B-C
വികസനഫണ്ട് (ജനറൽ)	6546126	6546126	6546000	126
വികസനഫണ്ട് (എസ്.സി.പി)	2669543	2669543	2595000	74543
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	2611828	2611828	1726690	885138
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	1400083	1400083	1192750	207333
സംരക്ഷണ ഫണ്ട്-റോഡ്	7398000	7398000	6900218	497782

സംരക്ഷണ ഫണ്ട് -റോഡിതരം	5102519	5102519	3534522	1567997

പ്രത്യേക ഗ്രാന്റുകൾ ഇനം തിരിച്ച്					
(1) സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)					
ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ശുചിത്വ മിഷൻ	0	130000	130000	130000	0
ലൈഫ്	540000	200000	740000	640000	100000
(2) കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)					
MGNREGS	5875	14873605	14879480	14877326	2154
ICDS	800900	285219	1086119	400000	686119
PBIG	670859	0	670859	402765	268094
ഉറവിടമാലിന്യ സംസ്ക്കരണം	479780	0	479780	0	479780
SBM-Phase 2	1200000	0	1200000	908382	291618

1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
143	44336813	116	28256139	0	27	81.11

2021-22 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം	30-1-2021
ഗ്രാമസഭകൾ	5-2-2021മുതൽ 14-2-2021വരെ

സ്റ്റാന്റിംഗ് കമ്മിറ്റി	20-1-2021
വികസന സെമിനാർ	16-2-2021
പഞ്ചായത്ത് കമ്മിറ്റി	16-2-2021

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത് പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത് പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിലും വാർഷിക പദ്ധതി വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരി ചെയ്തിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയപ്രോജക്ടുകൾ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	7	6	2628650	1070292
വെറ്ററിനറി സർജൻ	9	9	2303600	1045526
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	4	4	525000	492340
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	200000	200000
മെഡിക്കൽ ഓഫീസർ-ആയുർവേദം	2	2	700000	700000
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	13	11	11438270	6702139
ഐ.സി.ഡി.എസ് സൂപ്രവൈസർ	6	3	2555938	1384214
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	260000	260000
സെക്രട്ടറി	39	23	10422602	5808900
അസിസ്റ്റന്റ് എഞ്ചിനിയർ	55	51	12298068	9756676

അസി.സെക്രട്ടറി	6	5	1004685	836052
ആകെ	143	116	44336813	28256139

വിഭാഗം

വിഭാഗം	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	ശതമാനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
പൊതുവിഭാഗം	132	105	79.55	37398128	23498619	62.83
പ്രത്യേക ഘടകപദ്ധതി	11	11	100	6938685	4757520	68.57
പട്ടികവർഗ്ഗ ഉപപദ്ധതി	0	0	0	0	0	0
ആകെ	143	105	0	44366813	28256139	63.68

മേഖല

മേഖല	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	ശതമാനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
ഉല്പാദനം	18	16	88.88	5262250	2375818	45.14
സേവനം	67	49	73.13	27367424	16404139	59.94
പശ്ചാത്തലം	58	51	87.93	11707139	9476182	80.94
ആകെ	143	116	81.12	44336813	28256139	63.73

സെക്രട്ടറി,ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഒഴികെയുള്ള നിർവ്വഹണഉദ്യോഗസ്ഥർ പദ്ധതികൾ ഭ നടപ്പാക്കിയിട്ടുണ്ട്. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലേറെയും കേവലം 20 മ അളവുകളുള്ള റോഡ് നിർമ്മാണപ്രവൃത്തികളായിരുന്നു. വാർഡുകളുടെ അടിസ്ഥാനത്തിൽ ഫണ്ട് വിഭജിക്കു ഒഴിവാക്കി പഞ്ചായത്തിന്റെ ഒട്ടാകെയുള്ള പുരോഗതിക്ക് ഉതകുംവിധം ബൃഹത് പദ്ധതികൾ ആവിഷ്കരിക്കേ

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ഭരണ ചെലവുകൾ	5875	591922	597797	595643	2154
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്		14281683	14281683	14281683	
ആകെ	5875	14873605	14879480	14877326	2154

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2102800	106
വിധവാപെൻഷൻ	6511200	345
വാർദ്ധക്യകാലപെൻഷൻ	16538600	980
ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	1968000	100
50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	224000	11

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന തീയതി ഉച്ചയ്ക്കുശേഷം 11 AM-ന് ഫ്രണ്ട് ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 10,977 രൂപയുടെ (പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിഏഴ് രൂപ) കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

മാസാന്ത്യ,വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തി കണക്കുകൾ സൂക്ഷിക്കുന്നുണ്ട്.അനുബന്ധ രജി... പരിപാലനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത്...

ഇടവേളകളിൽ വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നി നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക പദ്ധതി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് തീയതി
പെർഫോമൻസ് ഓഡിറ്റ്	25.10.2021 മുതൽ 26.10.2021 വരെ	02/2020- 3/2021	26.10.2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26.03.2019	2014-15 മുതൽ 2018-19 വരെ	24.05.2019

1-11 പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2021-22 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾപരിശോധിച്ചതിൽ ഗ്രാമപ്പഞ്ചാ സാമ്പത്തികനില തൃപ്തികരമല്ല എന്നു കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചാ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചാ ധനകമ്മി **77.80** ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്)

ഷെഡ്യൂൾ	*തനത് വരുമാനം*	*തുക*	*ഷെഡ്യൂൾ*	*ചെലവ്*	*തുക*
I-1&1-3	Tax Revenue	4605735	*I-10(B)*	*Establishment Expenses*	*12711937*
I-4	Fees User Charges	1230092	I-11(B)	Administrative Expenses	258857

I-5(B)	Sale Hire Charges	176592	I-12(B)	Operations Maintenance	1316015
I-8	Interest Earned	36057	I-13	Interest Finance Charges	34501
I-9	Other Income	492193			
	ആകെ	6540669			14321310

ധനകമ്മി (6540669-14321310) : (-)7780641

പൊതുആവശ്യ ഗ്രാന്റായി 9540014 രൂപ യാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ,ഗ്യാപ് ഫ
ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈ
വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ച
ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹ
കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള
വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന
പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ
പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജ
പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുന
ഉണ്ടാകേണ്ടതാണ്.

1-12 സേവന ഉപനികുതി ഈടാക്കുന്നില്ല – പഞ്ചായത്തിന് വൻ വരുമാന നഷ്ടം

2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങ
ചട്ടത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പു പ്രകാര
ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നി
കെട്ടിടം സ്ഥിതി ചെയ്യന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണ
വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപഞ്ചായത
അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണന്നും എന്നാൽ അപ്രകാരം ചുമത്ത
ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും വ്യവസ്ഥ ചെ
ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വ പരിപാലനം വസ്തു നികുതിയുടെ 4%
2. ജലവിതരണം വസ്തു നികുതിയുടെ 3%
3. തെരുവു വിളക്കുകൾ വസ്തു നികുതിയുടെ 2%
4. ഡ്രെയിനേജ് വസ്തു നികുതിയുടെ 1%

ഗ്രാമപഞ്ചായത്ത് മേൽ പരാമർശിച്ചിരിക്കുന്ന സേവനങ്ങൾക്കായി 2020-21, 2021-22, വർഷങ്ങളിൽ ചെലവഴിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ചെലവ് ഇനം	ചെലവഴിച്ച തുക
2020-21 & 2021-22	ശുചിത്വ പരിപാലനം	422995
”	തെരുവ് വിളക്ക്	257850
”	ജല വിതരണം	384489

ഗ്യാപ് ഫണ്ടും, ജനറൽ പർപ്പസ് ഫണ്ടും ഉപയോഗിച്ച് ദൈനംദിന ചെലവുകൾ നടത്തി പോരുന്ന പഞ്ചായത നികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കാത്തതിന്റെ സാധ്യത ഉപയോഗപ്പെടുത്താത്തതിന് വ്യക്തമാക്കണമെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 6 തീയതി 25.01.202 ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്ക

ഉദാഹരണമായി ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വസ്തു നികുതിയുടെ ഡിമാന്റും ഈടാക്കാവ ഉപനികുതിയുടെ ഡിമാന്റും പട്ടികയായി ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഡിമാന്റ് ചെയ്ത വസ്തു നികുതി	ഡിമാന്റ് ചെയ്യാമായിരുന്ന സേവന ഉപനികുതി (കുറഞ്ഞത് 10%)
2017-18	2980479	298047
2018-19	3109868	310986
2019-20	3207941	320794
2020-21	3455990	345599
2021-22	3717060	371706
ആകെ	16471338	1647133

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ലാത്തതിനാൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ടി നിർദ്ദേശ
സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (അ)36/2015 ത.സ്വ.ഭ.വ. തീയതി 24.02.2015 പ്രകാരം 14.01.2011-ലെ സ.ഉ.(അ)19/2011 ത.സ്വ.ഭ.
ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് കുറഞ്ഞതും കൂ
നികുതി നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

ക്രമ നം.	പട്ടികയിലെ ക്രമ നം.	കെട്ടിടത്തിന്റെ ഉപയോഗക്രമം	കുറഞ്ഞ നിരക്ക്	കൂടിയ നിരക്ക്
1	1എ	സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ	30	60
2	4എ	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ, വർക്ക് ഷോപ്പ് എന്നിവ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ	3	8
3	7(Iii)	മൈക്രോ സ്മോൾ & മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്ട്, 2016(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ	15	25

4	11	ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ	150	160

മേൽ പരാമർശിച്ചിരിക്കുന്ന ഇനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർക്കുകയോ നിരക്ക് & കൂടിയ നിരക്ക് ചേർത്ത് വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കു ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടും മറുപടി (നം. 13 തീയതി 30.01.2023) ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിരിക്കുന്ന ഇനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്ത് വ ചെയ്യേണ്ടതും ടി ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടെങ്കിൽ അവ അടിയന്തിരമായി നികുതി നിശ്ചയിച്ച് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-14 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് വിവ സൂക്ഷിക്കുന്നില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിവരവും അടങ്ങിയിട്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു നൽകി അന്വേഷണകുറിപ്പിന് (നം. 14 തീയതി 31.12.2023) ലഭ്യമാക്കിയ മറുപടിയിൽ തിരക്കുകാരണമാണ് ടെൻഡർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ വിതരണം ചെയ്തെന്നും തുടർ വർഷങ്ങളിൽ ഇത് ആവർത്തിക്കി അറിയിച്ചിരിക്കുന്നത്. മുൻ വർഷങ്ങളിൽ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും എ നടന്നിട്ടുള്ളതെന്ന് അവ്യക്തമാണ് . വളരെ ഗുരുതരമായ അപാകതയാണിത് . പദ്ധതിയുടെ അടങ്കൽ അനുസരിച്ച് ടെണ്ടർ ഫോറം വിലയിൽ വ്യത്യാസം വരും. ടെൻഡർ ഫോറത്തിന്റെ വില 300 രൂപ മുതര വരെയാണ്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും കൃത്യമല്ലെങ്കിൽ ഗുരുതരമായ ക്രമ ഇത് അവസരമുണ്ടാക്കും. തുടർ വർഷങ്ങളിൽ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണ വിവര നം., നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, ടെൻഡർ ഫോറം വില) എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന ടെണ്ടർ ഫോമുകളുടെ എണ്ണത്തിന്റെ വിതരണം ചെയ്തവയുടെ വിവരവും മേൽനോട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കി സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ വയ്ക്കേണ്ടതുമാണ് .

1-15 ഇറച്ചി വ്യാപാരം ലൈസൻസ് അനുവദിച്ചത് - ചട്ടങ്ങൾ പാലിക്കാതെ

ഗ്രാമപഞ്ചായത്ത് 11-ാം വാർഡിൽ 92/B-ാം നമ്പർ കെട്ടിടത്തിൽ സ്വകാര്യ കശാപ്പുശാല നടത്തുന്നതിന് തോമസ്, വെട്ടുതുരുത്തിൽ, മൈലപ്ര പി.ഒ. മേക്കൊഴൂർ എന്നയാൾക്ക് 05.04.2022-ൽ 2022-23 സാമ്പത്തിക

ലൈസൻസ് എം.6/838/2022-ാം നമ്പരായി അനുവദിച്ചിട്ടുണ്ട്, ഇതോടൊപ്പം തന്നെ 2021-22 -ലെ അരിയ ഈടാക്കിയിരിക്കുന്നു. മുൻ വർഷങ്ങളിലും ടിയാൻ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് നടത്തിയിരുന്നു. 2020-21, 2021-22-ലും ലൈസൻസ് ഫീസായി മെയിൻ സ്റ്റാളിന് 5000 രൂപയും ഇതിന്റെ 2 സബ് 500 രൂപ വീതവുമാണ് ഈടാക്കിയിട്ടുള്ളത്.

1996-ലെ കേരള പഞ്ചായത്ത്രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും ചട്ടങ്ങൾ) ചട്ടം 35 പ്രകാരം നിലവ കശാപ്പുശാലയുടെ ലൈസൻസ് ഫീസ് ഏറ്റവും കുറഞ്ഞത് 500/- രൂപ എന്നതിന് വിധേയമായി ആ കശാപ്പ മുൻവർഷത്തെ മൊത്തവരുമാനത്തിന്റെ 20% നിജപ്പെടുത്തേണ്ടതാണ്. ലൈസൻസ് പുതുക്ക അപേക്ഷയോടൊപ്പം കശാപ്പുശാലയെ സംബന്ധിച്ച മുൻവർഷത്തെ വരവും ചെലവും കാണിക്കുന്ന ഒരു സമർപ്പിക്കേണ്ടതുമാണെന്ന് ചട്ടം 36-ലും നിഷ്ക്കർച്ചിട്ടുണ്ട്. എന്നാൽ കശാപ്പുശാലയുടെ വിറ്റുവരവ് അപേക്ഷയൊടൊപ്പം ഹാജരാക്കിയിട്ടില്ല. അതിനാൽ ആയതിന്റെ അടിസ്ഥാനത്തിലല്ല കശാപ്പുശാലയ്ക്ക് ഇഷ്യു ചെയ്തതെന്ന് വ്യക്തമാണ്. മുൻവർഷത്തെ വരുമാനം കൃത്യമായി പരിശോധനാ വിധേയമാക്കി ലൈസ ഈടാക്കാതിരുന്നതിനും ചട്ട വിരുദ്ധമായി ലൈസസൻസ് അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കണമെ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 9 തീയതി 27.01.2023) ലഭ്യമാക്കിയ മറുപടിയിൽ ഇറച്ചി വ്യാപാര ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കില്ലായെന്നു നിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരം ലൈസൻസ് ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന ടി നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

1-16 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂല

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത. സ്വ. ഭ. വ. നമ്പർ വിധേയമായി മൈലപ്ര പഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 100 ചത വരെയുള്ളതിന് ചതുരശ്രമീറ്ററിന് 45/-രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചതുരശ്രമീറ്ററിന് 60/ വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 100 ചതുര മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്റ പ്രകാരമുള്ള നികുതി നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പരും ഉപയോഗക്രമവും	ഉടമസ്ഥന്റെ പേരും വിലാസവും	തറ വിസ്തീർണ്ണം (ച.മീ)	നിർണയിച്ച അടിസ്ഥാന നികുതി	നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി

Ward– 5 നം. 36/B വാണിജ്യാവശ്യം	ജോജി.കെ. ജോർജ്ജ് കളീയക്കൽ , മൈലപ്ര , ചീങ്കൽത്തടം പി ഒ	49.18	വ്യത്യാസമില്ല	
Ward– 5 നം. 36/C വാണിജ്യാവശ്യം	”	55.12	55.12 X 45	55.12 X 60
		104.3	(49.18 X 60)+ (55.12 X 45) = 5431.2	104.3 X 60 = 6258

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളി പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കു ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓ ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വക കെട്ടിടത്തിന് രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുമ്പോൾ മാത്രമാ കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കാൻ നിഷ്കർഷ ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളാ നികുതി നിർണ്ണയിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നികുതി നിര നികുതി നിർണയം നടത്തേണ്ടതാണ്.

ടി കെട്ടിടത്തിന്റെയും നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമാ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെയും വസ്തുനിക നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്ക

ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 റേഷൻ കടകൾ, 3 ക്ഷീര സംഘങ്ങൾ, 2 അക്ഷയകേന്ദ്രങ്ങൾ, 1 ജനസേവ ടൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ലൈസൻസ് എടുക

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതെന്ന് ലൈസൻസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചത ബോദ്ധ്യപ്പെട്ടു. ഇപ്രകാരം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെകുറിച്ച് ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 7 തീയതി 23.01.2023) ടി സ്ഥാ നിന്നും ലൈസൻസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന മ ലഭ്യമാക്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ച് കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും, ഇ മൊത്തം സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .

1-18 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് , പിരിവ്, രേഖകളു എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുക രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറ മൂലം ആവശ്യപ്പെടാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് ആരാഞ അന്വേഷണ കുറിപ്പിന് (നം. 17 തീയതി 31.01.2023)-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്ന കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വ വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്ക്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിന ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷ വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകൾ ക്ഷീരസംഘങ്ങൾ അക്ഷയകേന്ദ്രങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരി
തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 റേഷൻ കടകൾ, 3 ക്ഷീര സംഘങ്ങൾ, 2 അക്ഷയകേന്ദ്രങ്ങൾ, 1 ജനസേ എന്നിവ പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഇവിടുത്തെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് തുടർ വർഷങ്ങളിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈട ശ്രദ്ധിക്കേണ്ടതാണ്.

(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർ പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്ന നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചാ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേര് ചുവടെ ചേർക്കുന്നു.

1. കെ. എസ്. പുരുഷോത്തമൻ
2. ലെഞ്ചു മോൻസി
3. മാത്യു പി.വി.
4. ഷാഹില എ.
5. കെ.ജി. ഈശോ
6. ഹരിലാൽ എസ്.
7. സദാനന്ദ പണിക്കർ
8. വി. ആർ. വിജു

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖക മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. കരാറുകാരിൽ നിന്ന് നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പ ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-19 പെൻഷൻ ഐ.ഡി നമ്പർ കൃത്യമല്ല

വാർദ്ധക്യകാല പെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 ൽശ്രീമതി ഏലിയാമ്മ വർഗീസ് കളീയ്ക്ക മേക്കൊഴൂർ എന്ന വ്യക്തിക്ക് പെൻഷൻ അനുവദിച്ചിരുന്നു.(ക്രമനം 2056). പെൻഷൻ രജിസ്റ്റ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി 104090201047 ആണ്.എന്നാൽ സേവന സോഫ്റ്റ് വെയർ പ വിധേയമാക്കിയപ്പോൾ പ്രസ്തുത ഐ.ഡി പ്രകാരം ഗുണഭോക്താവായി കാണപ്പെടുന്നത് ലീന, ആഞ്ഞിലിമൂട്ടിൽ, എന്ന വ്യക്തിയാണ്.ഇതു സംബന്ധിച്ച വിശദീകരണത്തിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/31.01.2 ലഭ്യമാക്കിയില്ല. ആയതു സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തി വിവരം ഓഡിറ്റിനെ അറിയ അർഹതയില്ലാത്തവർ പെൻഷൻ കൈപ്പറ്റുന്നില്ലെന്നു് ഉറപ്പാക്കേണ്ടതുമാണ്.

1-20 അംഗൻവാടി പോഷകാഹാരം-കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷി

അംഗൻവാടി പോഷകാഹാരത്തിന് 2020-21 വരെ കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 800900/- രൂപ നീക്കി തൻ വർഷം 285219 രൂപ വരവും 400000 രൂപ ചെലവും ഉണ്ടായിരുന്നു. 686119 രൂപ അക്കൌണ്ടിൽ ചെല അവശേഷിക്കുന്നു.

ടി തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ (SBI-37033301360) ആണ് നിക്ഷേപിച്ചിട്ടുള്ളത്. അങ്കണ കെട്ടിടനിർമ്മാണത്തിനോ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ ടി തുക ഉപയോഗിക്കാ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-21 അർഹതയില്ലാത്തവർക്ക് പെൻഷൻ അനുവദിച്ചു.

പെൻഷൻ അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ ചുവ അപേക്ഷകർക്ക് 2021-22 ൽ വിവിധ കാരണങ്ങളാൽ വാർദ്ധക്യ കാല പെൻഷന് അർഹത ഇല്ലാത്തതിനാ നിരസിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരെ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തി പെൻഷൻ നൽകിയ

ക്രമ നം	പേരും വിലാസവും	വാർഡ് നം	പെൻഷൻ ഐ.ഡ
2843/39	സാറാമ്മ യോഹന്നാൻ പുത്തൻ ചിറയിൽ, മേക്കൊഴൂർ	2	104090201148
2911/47	വൽസല സുദീപ് നിവാസ് , കുമ്പഴ നോർത്ത്	8	104090201178
4985	ബാലാമണിയമ്മ , മുരളീ സദനം, മേക്കൊഴൂർ പി.ഒ	2	104090201147

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/31.01.2022) മറുപടി ലഭ്യ അർഹതയില്ലാത്തതിനാൽ പെൻഷൻ അപേക്ഷ നിരസിക്കപ്പെട്ട വ്യക്തികൾ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ട്

കൈപ്പറ്റാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് അനർഹർക്ക് നൽകിയ തു
ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-22 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ ഇല്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 14 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 3 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉള്ളത്. 10 അംഗൻവാടികൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരെണ്ണം വാടക ര രണ്ട് അംഗൻവാടികൾക്ക് (നം. 28, 39) കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കെട്ടിട ആരംഭിച്ചിട്ടില്ല. 3 അംഗൻവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. വാടകക്കെട്ടിടങ്ങളിൽ പ്രവ അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ല ചുറ്റുമതിൽ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗ നടപടികൾ ഉണ്ടാകേണ്ടതാണ്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ല സാദ്ധ്യത സംബന്ധിച്ച വിഷയത്തിൽ ജനപ്രതിനിധികളുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. 2 അംഗൻവാടികള കണക്ഷൻ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടു നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്ത ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇട ഉണ്ടാകേണ്ടതാണ്.

1-23 വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം -പദ്ധതി നടപ്പാക്ക

2021-22 വർഷം വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം എന്ന പേരിൽ കൃഷി നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രൊജക്ട് നം. 77/22) പദ്ധതി ആവിഷ്കരിച്ചിരുന്നു. തനത് ഫണ്ട് 10000 രൂപ പഞ്ചായത്ത് വിഹിതം 490000രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 1000000 രൂപ എന്നിങ്ങനെ ആകെ1500000 വകയിരുത്തിയിരുന്നത്. എന്നാൽ ഉൽപാദന മേഖലയിൽ ഏറെ ഫലപ്രദമായിരുന്ന ടി പദ്ധതി ത നടപ്പാക്കിയിട്ടില്ല. ആയതിന് കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി ന 25-01-23) 2021-22 വാർഷിക പദ്ധതിയിൽ ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടു പദ്ധതിയാണ് വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം എന്നും ടി പദ്ധതിക്ക് യഥാക്രമം എന്ന ക്രമത്തിൽ ഗ്രാമപഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത് വിഹിതമാണ് വകയിരുത്തേ ആയതിൻപ്രകാരം ഗ്രാമപ്പഞ്ചായത്ത് 300000 രൂപ വകയിരുത്തേണ്ടിയിരുന്നതുമാണ്. എന്നാൽ നടപ്പു വർഷ

മാത്രമാണ് ഗ്രാമപ്പഞ്ചായത്ത് വകയിരുത്തിയത്. ജനറൽ വിഭാഗത്തിലെ ഫണ്ട് 100 ശതമാനവും ചെലവഴി സ്ഥിതിക്ക് ഇനിയൊരു റിവിഷൻ ലഭിച്ചാലും പ്രസ്തുത പദ്ധതിയിലേക്ക് അധിക തുക കണ്ടെത്താൻ കഴി യോഗം വിലയിരുത്തിയെന്നും സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി തുച്ഛമായ ദിവസങ്ങൾ മാത്ര നിൽക്കുന്നതിനാൽ ടി പ്രൊജക്ട് അടുത്ത വാർഷിക പദ്ധതിയിലേക്ക് ഉൾപ്പെടുത്തി നടപ്പാക്കുവാൻ പഞ്ചായ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഇത്തരം ജനോപകാരപ്രദമായ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-24 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ആക്ഷൻപ്ലാൻ 15-1-2021-ലെ 14(1) നമ്പർ തീരുമ അംഗീകരിച്ചിട്ടുണ്ട്.314 പ്രൊജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 198 എണ്ണം നടപ്പാക്കിയിട്ടുള്ളു.കല്ലുകയ്യാല,മഴക്കുഴി നിർമ്മാണം,സോക്ക്പിറ്റ് നിർമ്മാണം എന്നിവയാണ് പ്ര നടപ്പാക്കിയിട്ടുള്ളത്.327 കുടുംബങ്ങൾക്ക് 100തൊഴിൽ ദിനം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.തൻ വർ 39088തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

1-25 അഗതി രഹിത കേരളം പദ്ധതി - വികസന ഫണ്ട് നിഷ്ക്രിയമായി അവശേഷി

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, നിലവിലെ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താക്കളെയും പുനരധിവാസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 2019-20 വർഷമാണ് അ കേരളം പദ്ധതി പഞ്ചായത്തിൽ ആരംഭിച്ചത്. 36 പേരായിരുന്നു ഗുണഭോക്താക്കൾ. 26ഗുണഭോക്താക്കളാണുള്ളത്. 4187625 രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കു

ഇനം	വകയിരുത്തിയ തുക
ഭക്ഷണം	1008000
കുടിവെള്ളം	12000
ചികിത്സ ധനസഹായം	342000
വീട് നിർമ്മാണം	1600000

വീട് മെയിന്റനൻസ്	900000
കക്കൂസ്	77000
സ്കിൽ ട്രെയിനിംഗ്	15000
മറ്റു ചിലവുകൾ	10000
കൗൺസിലിംഗ്	30000
മെഡിക്കൽ ക്യാമ്പ്	50000
റിസർവ് ഫണ്ട്	76125
വിദ്യാഭ്യാസം	52500
മറ്റ് ചെലവുകൾ	15000
ആകെ	4187625

പദ്ധതിയുടെ ചെലവ് പൂർണ്ണമായും ഭക്ഷണ വിതരണത്തിനു മാത്രമാണ്. 2021-22 സാമ്പത്തിക വർഷാവസാ രഹിത കേരളം പദ്ധതി അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ചെലവ്	ബാലൻസ്
വികസന ഫണ്ട്	1319000	-	200000	1119000
ചലഞ്ച് ഫണ്ട്	166075	-	166075	0
കംപ്യൂട്ടർ ഫണ്ട്	37527		900	36627
പലിശ	275641	42972	32396	286172

പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രകാരം നിർബന്ധിത പ്രോജക്ടായ അഗതിരഹിത കേരളം പദ്ധതിയ്ക്കായ ഫണ്ടിൽ നിന്നും ലഭ്യമാക്കിയ തുക നിഷ്ക്രിയമായി സൂക്ഷിക്കുന്ന അവസ്ഥയാണുള്ളത്. ആയത് സംബന്ധി ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/23 തീയതി 30-01-23) മറുപടിയായി അഗതി രഹിത കേര അക്കൗണ്ടിൽ വികസനഫണ്ട് ഇനത്തിൽ അവശേഷിക്കുന്ന തുകയിൽ നിന്നും നാളിതുവരെ 9 വിനിയോഗിച്ചിട്ടുള്ളതായും, ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹതയുള്ള ഗുണഭോക്താക്കൾക്ക് പുനരുദ്ധാരണം തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾക്ക് വേണ്ടിയും, ചലഞ്ച് ഫണ്ട് രണ്ടും മൂന്നും ഗഡു ലഭ

വരെ ഭക്ഷണകിറ്റ് നൽകുന്നതിനും വേണ്ടി ബാക്കി നിൽക്കുന്ന തുക സർക്കാർ ഉത്തരവ് ചെലവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അക്കൌണ്ടിൽ അവശേഷിക്കുന്ന തുക ഫ വിനിയോഗിക്കേണ്ടതാണ്.

പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഗുണഭോക്താകൾക്ക് ആനുകൂല്യം ലഭ്യമ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 ഓൺലൈൻ വസ്തുനികുതി/ ഫീസുകൾ - പഞ്ചായത്തിന് തുക ലഭ്യമാകുന്നതി കാലതാമസം ഉണ്ടാകുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, മൈലപ്ര ശാഖയിൽ 37033301З6 അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൌണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികു സോഫ്റ്റ്‌വെയർ ആയ സഞ്ചയ ഓൺലൈനിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്ത തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് ക ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയയിൽ തുക ഒടുക്കിയ തീയതി	തുക	അക്കൌണ്ടിൽ വരവ് വന്ന തീയതി
23.08.2021	2664	02.09.2021
03.04.2021	5363	10.04.2021
04.05.2021	6562	19.05.2021
19.2.2022	1872	13.03.2022

ഒരു മിനിറ്റിനുള്ളിൽ ഓൺലൈൻ ഇടപാടുകൾ സാദ്ധ്യമാകുന്ന അവസരത്തിൽ ഇത്രയും കാലതാമസം ഉ ഭരണതലത്തിൽ പരിശോധനാവിധേയമാക്കേണ്ടതാണ്. ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ വഴിയുള്ള വരവ് കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോക

നിലവിൽ ജനന-മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആക്കിയിട്ടുള്ളതിനാൽ ഫീസും ഈ ഇ-പേയ്മെന്റ് അക്കൌണ്ടിലാണ് ലഭിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ (31.03.2022 പ്രക ഫീസിനങ്ങളിൽ 5886 രൂപ ILGMS അക്കൌണ്ടിംഗ് പ്രകാരം വരവായി വന്നിട്ടുണ്ടെങ്കിലും പാസ് ബുക്കിൽ വന്നിട്ടുള്ളത് 2022 ഓഗസ്റ്റ് മാസത്തിലാണ്. അപാകം പരിഹരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗ

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗ

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്/നമ്പർ	ചെലവ്	ബ
ബ്ലോക്ക് പഞ്ചായത്ത്	300000	ജൈവ പച്ചക്കറി കൃഷി പ്രോൽസാഹനം, 27/22	300000	0
	200000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 2/22	200000	0
	199600	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, 144/22	199600	0
	100000	കോവിഡ് ഡി.സി.സി, 82/22	100000	0
	200000	പാലിന് സബ്സിഡി, 25/22	200000	0
ജില്ലാ പഞ്ചായത്ത്	250000	പാലിയേറ്റീവ് കെയർ, 13/22	250000	0

	28500	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 2/22	50000	0
	100000	അനുപൂരക പോഷകാഹാര പരിപാടി, 1/22	100000	0
	50000	കോവിഡ് ഡി.സി.സി, 82/22	50000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്/നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള ത
കെ.എസ്.ഇ.ബി	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, 144/22	199600	199600	0
കെ.ഡബ്ളിയു.എ	വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 148/22	632828	632828	0
	138/22കുടിവെള്ള ക്ഷാമം ഉള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ	640080	640080	0

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരി
അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	**ഉത്തരവ് നമ്പർ/തിയ്യതി**	**വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക**	**തൻ വർഷത്തേ തുൾപ്പടെ തിരിച്ചടയ്ക്കുവാനുണ്ടായിരുന്ന ആകെ വായ്പ തുക**	**തൻവർഷം തിരിച്ചടച്ച തുക**		**വർഷ തിരിച ബാക്ക തുക**
				മുതൽ	**പലിശ**	

ലൈഫ് ഭവന പദ്ധതി	GO(MS)100/2018/LSGD/30.07.2018	1528000	1528000	220000		1308000

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2001-02	38	2003-04	3.3.7	പേഴും കാട് - വട്ടാം കുഴി കലുങ്ക് നിർമ്മാണം	നിയമസഭാസമിതിയുടെ പരിഗണനയിലാണ്

4-8 ചാർജ്/ സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	48913621
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	45208201
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര – സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>തടസ്സപ്പെടുത്തിയ തുക</u>

ഇല്ല

<u>സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷി ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.പി.റ്റി.എ.പി2-194/02, തീയതി 15-01-2002	13
1998-99	എൽ.എഫ്.പി.റ്റി.എ.പി2-673/01, തീയതി 13-11-2001/ 29-12-2001	7
2000-01	എൽ.എഫ്.പി.റ്റി.എ.പി2-865/01, തീയതി 16-08-2002	3
2001-02	എൽ.എഫ്.പി.റ്റി.എ.പി2-41/03, തീയതി 03-04-2003/ 29-11-03	1
2003-04	എൽ.എഫ്.പി.റ്റി.എ.പി2-46/05, തീയതി 15.02.2005/12.08.2005	3
2004-05	എൽ.എഫ്.പി.റ്റി.എ.പി2.727/06.12.11.2007	-
2005-06	എൽ.എഫ്.പി.റ്റി.എ.പി5.747/08;10.01.2011	-
2006-07	എൽ.എഫ്.പി.റ്റി.എ.പി9.714/09;21.01.2011	-

2007-08	എൽ.എഫ്.പി.റ്റി.എ.പി9-895/11, തീയതി 08.12.2011	14
2008-09 & 2009-10	എൽ.എഫ്.പി.റ്റി.എ.പി9-866/12, തീയതി 11-12-2012	10
2010-11	എൽ.എഫ്.പി.റ്റി.എ.പി9-423/13, തീയതി 06-09-2013/10-12-13	10
2011-12	എൽ.എഫ്.പി.റ്റി.എ.പി9-424/13, തീയതി 11-09-2013/10-12-13	11
2013-14 &2014-15	കെ.എസ്.എ. പി.റ്റി.എ/പി9/329/2016; തീയതി:23.03.2016	2
2015-16	കെ.എസ്.എ പി.റ്റി.എ.പി9/68/2017 തീയതി.10.02.2017	1
2016-17	കെ.എസ്.എ പി.റ്റി.എ.പി9/1224/2017 തീയതി.04.11.2017	6 (2-1, 2-2, 2-3, 3-2, 4-2)
2017-18	കെ.എസ്.എ പി.റ്റി.എ.പി9/158/2019 തീയതി.01.03.2019	8 (2-1,2-2,3-2, 3-4,3-9,3-10,4-7,4-10)
2018-19	കെ.എസ്.എ പി.റ്റി.എ.പി9/93/2020 തീയതി.11.03.20	7 (1-11, 1-12, 1-13, 1-14, 1-15, 1-21, 4-8)
2019-20	കെ.എസ്.എ പി.റ്റി.എ.പി9 - 306/2022 തീയതി. 24/03/2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ പി.റ്റി.എ.പി9 - 665/2022 തീയതി. 12/07/2022	എല്ലാ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി

കേരള സംസ്ഥാന ഓഡ

പ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്